**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **01-09-2022 - ൽ മറുപടിയ്ക്ക്**

**ചേലന്ര പി.എച്ച്.സി.യിൽ മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ചേലമ്പ്ര പി.എച്ച്.സി.യിൽ മരുന്ന് വാങ്ങുന്നതിന് വേണ്ടി മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നൽകിയ ഓർഡറിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മരുന്ന് വാങ്ങുന്നതിന് വേണ്ടി കഴിഞ്ഞ ആറ് മാസക്കാലയളവിൽ (2022 ഫെബ്രുവരി മുതൽ ജൂലായ് വരെ) ചേലമ്പ്ര പി.എച്ച്.സി യിൽ നിന്നും 7.5 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ടി ഓർഡറുകളിന്മേൽ 6.5 ലക്ഷം രൂപ വിലമതിക്കുന്ന മരുന്നുകളും മറ്റനുബന്ധ സാമഗ്രികളും ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ഇതിനോടകം കോർപ്പറേഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | അപേക്ഷ നൽകി 6 മാസമായിട്ടും മരുന്ന് വിതരണം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | മരുന്ന് വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. ചേലമ്പ്ര പി.എച്ച്.സി യിൽ നിന്നും രണ്ട് മാതൃക ഇൻവോയ്സുകളിലായി (പി.ആർ.എഫ് നം.3064, പി.ആർ.എഫ് നം.3752) 67 ഇനം മരുന്നുകൾ ആവശ്യപ്പെട്ടിരുന്നതിൽ കോർപ്പറേഷനിൽ ലഭ്യമായ മരുന്നുകൾ കാലതാമസം കൂടാതെ വിതരണം ചെയ്തിരുന്നു. ആവശ്യപ്പെട്ട ടി 67 ഇനം മരുന്നുകളിൽ 6.5 ലക്ഷം രൂപ വിലമതിക്കുന്ന 55 ഇനം മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു. |
| (സി) | അടിയന്തരമായി ചേലമ്പ്ര പി.എച്ച്.സി. ക്ക് മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | മേൽപറഞ്ഞ 67 ഇനം മരുന്നുകളിൽ നിന്നും ബാക്കിയുള്ള 12 ഇനം മരുന്നുകൾ രണ്ട് ആഴ്ചയ്ക്കുള്ളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ